## പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

24.07.2012 ന് മറുപടിയ്ക്കുണ്ടായിരുന്നത്.

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 8088.

### യുനെസ്കോ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയ പശ്ചിമഘട്ട മലനിര

ചോദ്യം

ശ്രീ. ഇ. പി. ജയരാജൻ

ഉത്തരം

ശ്രീ.കെ.ബി.ഗണേഷ് കുമാർ

(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)

(എ)യുനെസ്കോ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തിയ പശ്ചിമഘട്ട മലനിരകളിൽ കേരളത്തിൽ ഏതെല്ലാം കേന്ദ്രങ്ങളാണ് ഉൾപ്പെടുന്നതെന്ന് വ്യക്തമാക്കുമോ ;

**24.07.2012-ൽ നൽകിയ മറുപടി**

(എ) ഇത് സംബന്ധിച്ച് ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല. എന്നാൽ ലോക പൈതൃക പട്ടികയിൽ കേരളത്തിൽ ഉൾപ്പെടുന്ന പശ്ചിമഘട്ട പർവത നിരകളിലെ തിരഞ്ഞെടുക്കപ്പെട്ട 5 ഭൂഭാഗങ്ങളെ ഉൾപ്പെടുത്താനുള്ള നിർദ്ദേശം അംഗീകരിച്ചതായുള്ള മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ 5 ഭൂഭാഗങ്ങൾ താഴെ പറയുന്നവയാണ്.

1. <u>അഗസ്ത്യമലൈ സബ് ക്ലസ്റ്റർ</u>

i) ഷെന്തുരുണി വന്യജീവി സങ്കേതം
ii) നെയ്യാർ വന്യജീവി സങ്കേതം
iii) പേപ്പാറ വന്യജീവി സങ്കേതം
iv) കുളത്തുപ്പുഴ റെയിഞ്ച്
v) പാലോട് റെയിഞ്ച്

**അന്തിമ മറുപടി**

(എ) ഇത് സംബന്ധിച്ച് ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല. എന്നാൽ ലോക പൈതൃക പട്ടികയിൽ കേരളത്തിൽ ഉൾപ്പെടുന്ന പശ്ചിമഘട്ട പർവത നിരകളിലെ തിരഞ്ഞെടുക്കപ്പെട്ട 5 ഭൂഭാഗങ്ങളെ ഉൾപ്പെടുത്താനുള്ള നിർദ്ദേശം അംഗീകരിച്ചതായുള്ള മാധ്യമ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ 5 ഭൂഭാഗങ്ങൾ താഴെ പറയുന്നവയാണ്.

1. <u>അഗസ്ത്യമലൈ സബ് ക്ലസ്റ്റർ</u>

i) ഷെന്തുരുണി വന്യജീവി സങ്കേതം
ii) നെയ്യാർ വന്യജീവി സങ്കേതം
iii) പേപ്പാറ വന്യജീവി സങ്കേതം
iv) കുളത്തുപ്പുഴ റെയിഞ്ച്
v) പാലോട് റെയിഞ്ച്

2. <u>പെരിയാർ സബ് ക്ലസ്റ്റർ</u>
i) പെരിയാർ കടുവാ സങ്കേതം
ii) റാന്നി ഡിവിഷൻ
iii) കോന്നി ഡിവിഷൻ
iv) അച്ചൻകോവിൽ ഡിവിഷൻ
3. <u>ആനമലൈ സബ് ക്ലസ്റ്റർ</u>
i) ഇരവികുളം ദേശീയോദ്യാനം
ii) മാങ്കുളം ഡിവിഷൻ
iii) ചിന്നാർ വന്യജീവി സങ്കേതം
iv) മന്നവൻഷോല
v) കരിയൻഷോല
4. <u>നീലഗിരി സബ് ക്ലസ്റ്റർ</u>
i) സൈലന്റ് വാലി ദേശീയോദ്യാനം
ii) ന്യൂ അമരമ്പലം റിസർവ് ഫോറസ്റ്റ്
iii) കാളികാവ് റെയിഞ്ച്
iv) അട്ടപ്പാടി റിസർവ് ഫോറസ്റ്റ്
5. <u>തലക്കാവേരി സബ് ക്ലസ്റ്റർ</u>
i) ആറളം വന്യജീവി സങ്കേതം

(ബി)പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്നതുകൊണ്ടുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം അംഗീകരിക്കപ്പെട്ടാൽ ടി പ്രദേശങ്ങളിലെ ആവാസ വ്യവസ്ഥകൾക്ക് മൊത്തമായും ലോകാംഗീകാരം ലഭിക്കുകയും ആയതിനാൽ വരുംകാലങ്ങളിൽ ടി പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആവാസസംരക്ഷണ വികസന പ്രവർത്തനങ്ങൾക്കായി രൂപം കൊടുക്കുന്ന പദ്ധതികൾക്ക് ലോക സംഘടനകളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാനുള്ള സാധ്യതയും കൂടുതലാണ്. കൂടാതെ ഇത്തരം അതീവ പൈതൃക പ്രാധാന്യമുള്ള

2. <u>പെരിയാർ സബ് ക്ലസ്റ്റർ</u>
i) പെരിയാർ കടുവാ സങ്കേതം
ii) റാന്നി ഡിവിഷൻ
iii) കോന്നി ഡിവിഷൻ
iv) അച്ചൻകോവിൽ ഡിവിഷൻ
3. <u>ആനമലൈ സബ് ക്ലസ്റ്റർ</u>
i) ഇരവികുളം ദേശീയോദ്യാനം
ii) മാങ്കുളം ഡിവിഷൻ
iii) ചിന്നാർ വന്യജീവി സങ്കേതം
iv) മന്നവൻഷോല
v) കരിയൻഷോല
4. <u>നീലഗിരി സബ് ക്ലസ്റ്റർ</u>
i) സൈലന്റ് വാലി ദേശീയോദ്യാനം
ii) ന്യൂ അമരമ്പലം റിസർവ് ഫോറസ്റ്റ്
iii) കാളികാവ് റെയിഞ്ച്
iv) അട്ടപ്പാടി റിസർവ് ഫോറസ്റ്റ്
5. <u>തലക്കാവേരി സബ് ക്ലസ്റ്റർ</u>
i) ആറളം വന്യജീവി സങ്കേതം

(ബി) ഇപ്രകാരം അംഗീകരിക്കപ്പെട്ടാൽ ടി പ്രദേശങ്ങളിലെ ആവാസ വ്യവസ്ഥകൾക്ക് മൊത്തമായും ലോകാംഗീകാരം ലഭിക്കുകയും ആയതിനാൽ വരുംകാലങ്ങളിൽ ടി പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആവാസസംരക്ഷണ വികസന പ്രവർത്തനങ്ങൾക്കായി രൂപം കൊടുക്കുന്ന പദ്ധതികൾക്ക് ലോക സംഘടനകളിൽ നിന്നും സാമ്പത്തിക സഹായം ലഭിക്കാനുള്ള സാധ്യതയും കൂടുതലാണ്. കൂടാതെ ഇത്തരം അതീവ പൈതൃക പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് സംസ്ഥാനത്തിന്

| | | |
|---|---|---|
| | സ്ഥലങ്ങളിലേക്ക് സംസ്ഥാനത്തിന് കൂടുതൽ വിനോദ സഞ്ചാരി കളേയും ഗവേഷകരേയും ആകർഷിക്കുവാനും കഴിയും എന്ന് പ്രതീക്ഷിക്കുന്നു. | കൂടുതൽ വിനോദ സഞ്ചാരി കളേയും ഗവേഷകരേയും ആകർഷിക്കുവാനും കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |
| (സി)ഇതു സംബന്ധിച്ച് യുനെസ്കോയിൽ നിന്നും സംസ്ഥാന ഗവൺമെന്റിന് ലഭിച്ച അംഗീകാര പത്രത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല. | (സി) ഔദ്യോഗികമായി അറിയിപ്പ് ലഭിച്ചിട്ടില്ല. |
| (ഡി)പശ്ചിമഘട്ട മലനിരകൾ ഉൾപ്പെടുന്ന വന മേഖലകളിൽ വൻകിട ഭൂമി കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ടും പാട്ടക്കാലാവധി കഴിഞ്ഞിട്ടും ഭൂമി കൈവശം വയ്ക്കുന്നതുമായി ബന്ധപ്പെട്ടും എന്തെല്ലാം തർക്കങ്ങളും കേസ്സുകളുമാണ് നിലവിലുള്ളതെന്നും വ്യക്തമാക്കുമോ ; | (ഡി) വിവരം ശേഖരിച്ചു വരുന്നു. | (ഡി) പശ്ചിമഘട്ട മലനിരകൾ ഉൾപ്പെടുന്ന കേരളത്തിലെ വിവിധ വന മേഖലകളിലായി വനം, റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയുടെ അടിസ്ഥാനത്തിൽ കണക്കാക്കിയ 01.01.1977-ന് പിൻപുള്ള വനം കയ്യേറ്റങ്ങളിൽ 4518.6977 ഹെക്ടർ വനഭൂമി ഇപ്പോൾ നിരവധി കയ്യേറ്റക്കാരുടെ കൈവശമുള്ളതായി കണക്കാക്കി യിട്ടുണ്ട്. ഇതിനെതിരെ വിവിധ കോടതികളുടെ പരിഗണനയിലുള്ള കേസ്സുകൾ സംബന്ധിച്ച വിവരങ്ങൾ വിവിധ ഓഫീസുകളിൽ നിന്നും ശേഖരിച്ചതു പ്രകാരം 01.01.77-ന് ശേഷമുള്ള വനം കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് നിലവിൽ നോർത്തേൺ റീജിയണിൽ 163 കേസ്സുകളും, സതേൺ റീജിയണിൽ 37 കേസ്സുകളും (രണ്ട് ഒ.ആർ. കേസ്സുകൾ, രണ്ട് WP(C) കേസ്സുകൾ, 33 ഒ.പി.കേസ്സുകൾ) ഉൾപ്പെടെ മൊത്തം 200 കേസ്സുകൾ നിലവിലുണ്ട്. |

| | | |
|---|---|---|
| (ഇ)യുനെസ്കോ പൈതൃക പട്ടികയിൽ ഉൾപ്പെട്ട ജൈവസമ്പുഷ്ടമായ പ്രദേശം എന്ന നിലയിൽ, പ്രസ്തുത പ്രദേശങ്ങളുമായി ബന്ധപ്പെട്ടുള്ള കേസ്സുകളിൽ ഫലപ്രദമായ നിയമ നടപടികൾ സ്വീകരിച്ച് പ്രസ്തുത വനഭൂമി ഏറ്റെടുക്കുവാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | (ഇ) വിവരം ശേഖരിച്ചു വരുന്നു. | (ഇ) കേസ്സുകൾ ഫലപ്രദമായി നടത്തി വരുന്നത് കൂടാതെ കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിൽ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട സർക്കിൾതല ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർ ചെയർമാന്മാരായി സർക്കിൾതല മോണിറ്ററിംഗ് കമ്മിറ്റികളും രൂപീകരിച്ച് കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച പുരോഗതി വിലയിരുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ